I/102396/2023

"ഭരണഭാഷ-മാതൃഭാഷ"

**DWCD/3153/2023/B2**

-

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 23-06-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ്- കീഴ് കാര്യാലയങ്ങളിലെ അങ്കണവാടി/താൽകാലിക ജീവനക്കാരെ സ്പാർക്കിൽ APPROVE ചെയ്യുന്നത്- മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന:- സർക്കാർ പരിപത്രം നം. 46/2023/FIN dtd 20/05/23

വനിത ശിശുവികസന വകുപ്പിന് കീഴിൽ താൽകാലിക / കരാർ / ദിനബത്ത അടിസ്ഥാനത്തിൽ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന അംഗനവാടി വർക്കർ /ഹെൽപ്പർ /സ്കൂൾ കൌൺസിലേഴ്സ് ഉൾപ്പെടെയുള്ള താൽകാലിക ജീവനക്കാരുടെ താൽകാലിക നിയമനം SPARKൽ അംഗീകാരം (approval) നൽകുന്നത് സൂചന സർക്കുലറിന്റെ അടിസ്ഥാനത്തിൽ വനിത ശിശുവികസന ഡയറക്ടറേറ്റിൽ നിന്നുമായിരിക്കും. ഇതുമായി ബന്ധപ്പെട്ടു ഈ കാര്യാലയത്തിൽ ലഭ്യമായ അപേക്ഷകൾ പരിശോധിച്ചതിൽ കീഴ് കാര്യാലയങ്ങളിൽ നിന്ന് spark അംഗീകാരത്തിനായി ലഭ്യമാക്കുന്ന രേഖകളിൽ നിരവധി അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ spark approval മായി ബന്ധപ്പെട്ട് ചുവടെ പറയുന്ന പൊതു നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു

(1) താൽകാലിക നിയമനം അനുവദിച്ച കാര്യാലയ മേധാവികൾ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്

(2) നിയമന ഉത്തരവിൽ നിയമനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് / വകുപ്പ് മേലധികാരിയുടെ ഉത്തരവ് / ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവയും നിയമന രീതി ( കരാർ/ ദിനബത്ത /എംപ്ലോയ്മെന്റ് നിയമനം മുതലായവ ) നിയമനം ലഭിച്ച വ്യക്തിയുടെ പൂർണമായ പേര് (ഔദ്യോഗിക രേഖകൾ പ്രകാരം ) മേൽ വിലാസം നിയമന തസ്തിക, നിയമന കാലാവധി, എന്നിവയും വ്യക്തമാക്കേണ്ടതാണ്

(3) ഓരോ തസ്തികയിലേയും നിയമനവുമായി ബന്ധപ്പെട്ട് കാര്യാലയ മേധാവികൾ SPARK ൽ UPLOAD ചെയ്യുന്ന സർക്കാർ ഉത്തരവ് അതാത് നിയമനവുമായി ബന്ധപ്പെട്ടുള്ളതാണെന്ന് കാര്യാലയ മേധാവികൾ വ്യക്തിപരമായി ഉറപ്പുവരുത്തേണ്ടതാണ്.

(4) താൽക്കാലികം / കരാർ ദിനബത്ത/ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽകാലിക നിയമിക്കുന്ന ലഭിക്കുന്നവരുടെ നിയമന ഉത്തരവ് ഉത്തരവ് UPLOAD ചെയ്യുമ്പോൾ അവരുടെ സേവന കാലാവധി ചട്ട പ്രകാരമുള്ള ദിവസങ്ങൾ അധികരിക്കുന്നില്ല എന്ന് കാര്യാലയ മേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്

മേൽ നിർദേശങ്ങൾ പാലിക്കാത്ത spark approval നായി

I/102396/2023

സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ നിരസ്സിക്കുന്നതും കാര്യാലയ മേധാവിക്ക് എതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്.

വനിതാ ശിശു വികസന ഡയറക്ടർ

Signed by Priyanka G
Date: 23-06-2023 17:42:08